**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 377** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗ ഊരുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. വി. അൻവർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ ഊരുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ദുഷ്കരമായ സാഹചര്യത്തിൽ താമസിക്കുന്നവരുടെ പുനരധിവാസം പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവ ഊരുകൂട്ട ശുപാർശ അനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ടി പദ്ധതിയിൽ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ടായിരുന്ന 72 കോളനികളിൽ, 54 കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ആയത് 31/03/2023 നകം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പദ്ധതിയിൽ അനുവദിച്ച 64 കോളനികളിൽ, ഡി.പി.ആർ ലഭ്യമായ 25 കോളനികളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ദുർഘട സാഹചര്യങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗവിഭാഗക്കാരുടെ പുനരധിവാസവും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം പ്രസ്തുത ഊരുകൾ കേന്ദ്രീകരിച്ച് സാമ്പത്തിക വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ഊരുകൂട്ട തീരുമാനം അനുസരിച്ച് ക്ഷീര വികസനം, മൃഗ സംരക്ഷണ പദ്ധതികൾ, കൃഷി, ഉദ്യാന കൃഷി, തയ്യൽ യൂണിറ്റ്, മറ്റ് സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങിയ സാമ്പത്തിക വികസന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |
| (സി) | ഊരുകളിലല്ലാതെ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്കായുള്ള പി.കെ. കാളൻ പദ്ധതിയിൻ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | ഒറ്റപ്പെട്ട സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആവിഷ്കരിച്ച പി.കെ കാളൻ കുടുംബസഹായ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കോളനികളിലല്ലാതെ ചിന്നിചിതറി കിടക്കുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നു. ഓരോ കുടുംബത്തിനും ആവശ്യമായി വരുന്ന പ്രധാന ഘടകങ്ങളെ മുൻഗണന അടിസ്ഥാനത്തിൽ പൂർത്തീകരിച്ചു നൽകുന്ന രീതിയിലാണ് പദ്ധതി പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. പരാമാവധി നിലവിലുള്ള സ്കീമുകളെ സംയോജിപ്പിക്കുന്ന രീതിയിൽ മൈക്രോ പ്ലാനുകൾ തയ്യാറാക്കി കുടുംബകേന്ദ്രീകൃത പദ്ധതികൾക്ക് മുൻതൂക്കം നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. കുടുംബശ്രീ, വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>• പാർപ്പിടം, ശുദ്ധജലം, വൈദ്യുതി, ശുചിത്വ പരിപാടികൾ, അംഗൻവാടികൾ മുതലായവ ഏറ്റെടുക്കുന്നു.<br>• ആരോഗ്യ പ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ എന്നിവ നടപ്പിലാക്കുന്നു.<br>• കുടുംബങ്ങൾക്ക് സ്ഥായിയായ വരുമാനവും, സ്വസ്ഥമായ ജീവിതവും ഉറപ്പുവരുത്തിന് ഉതകുന്ന ജീവനോപാധികളായ കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ തുടങ്ങിയവ വികസിപ്പിച്ച് അവരുടെ സ്ഥിര താമസം ഉറപ്പുവരുത്തുന്നു.<br>• വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | • പാരമ്പര്യ അറിവുകളെയും പരമ്പരാഗത തൊഴിലുകളെയും പരിപോഷിപ്പിക്കൽ.<br>• വനവിഭവശേഖരണം, മൂല്യ വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ, നൈപുണ്യ വികസന പദ്ധതികൾ എന്നിവ ഏറ്റെടുക്കുന്നു. |

സെക്ഷൻ ഓഫീസർ